കേരളകൗമുദി
Established by **C.V. Kunjuraman** as a periodical in 1911

വറചട്ടിയിൽ വീഴാതെ ആയുസ് നീട്ടിക്കിട്ടി ഒരു കുഞ്ഞുമീൻ

KAUMUDI SPECIAL

▶സുനിൽപാല

പാലാ: കറിച്ചട്ടിയിലേക്കുള്ള യാത്രയ്ക്കിടെ ജീവിതത്തിലെത്തിയ പള്ളത്തി മീനിന് മായയും മക്കളും ചേർന്നൊരു പേരിട്ടു - ആയുസ്. കഴിഞ്ഞ ഡിസംബർ 12ന് രാവിലെ 10 മണിക്കാണ് 'ആയുസ്' കുടപ്പലം കർത്താനാ കുഴിയിൽ കുടുംബത്തിലേക്ക് 'കയറി വന്നത്'; കൂടെപ്പിറപ്പുകളുടെ ജീവനറ്റ ദേഹങ്ങൾക്കൊപ്പം ഒരു തുള്ളി ജീവനമായി! ഊണുമുറിയിലെ അരബക്കറ്റ്‌വെള്ളത്തിൽ തുള്ളിക്കളിക്കുകയാണ് ഇപ്പോൾ 'ആയുസ്'.

വറചട്ടിയിൽനിന്ന ജീവിതത്തിലേക്കു നീന്തിയ 'ആയുസി'ന്റെ കഥ ഇങ്ങനെ: കർത്താനാകുഴിയിൽ വീട്ടിലെ ഗൃഹനാഥൻ ഹരിദാസ് ഉഴവൂർ കള്ള് ഷാപ്പിലെ ചെത്തുതൊഴിലാളിയാണ്. എല്ലാ ആഴ്ചയും ഉഴവൂർ ചന്തയിൽ നിന്ന് കായൽമത്സ്യം വാങ്ങാറുണ്ട്. ഡിസംബർ 12നും ഒരു കിലോ കായൽമത്സ്യം വാങ്ങി. പ്ലാസ്റ്റിക് കൂടിൽ പൊതിഞ്ഞ് രാവിലെ 10 മണിക്കാണ് വീട്ടിലെത്തിച്ചത്. ഭാര്യ മായ, ഉച്ചയൂണിന് വറുക്കാൻ മീൻ വെട്ടാനായി ചട്ടിയിലേക്ക് ഇട്ടത് 12 മണിയോടെ. വെള്ളമൊഴിച്ച് കഴുകവേ ഒരു സംശയം; ഒരു മീനിന് അനക്കമുണ്ടോ...? ഒന്നുകൂടി സൂക്ഷിച്ചുനോക്കി. ഒരു ചെറിയ മീൻ പിടയ്ക്കുന്നു. മായ പെട്ടെന്ന് അതിനെയെടുത്ത് ബക്കറ്റിലെ വെള്ളത്തിലേക്കിട്ടു. 10 മിനിട്ടിനുള്ളിൽ മീൻ നീന്തിത്തുടിച്ചു തുടങ്ങി. വൈകിട്ട് സ്കൂൾ വിട്ടുവന്ന മക്കൾ ഒൻപതാം ക്ലാസുകാരൻ ശിവരഞ്ജനും നാലാം ക്ലാസുകാരൻ ദേവരഞ്ജനും 'മരിച്ചു ജീവിച്ച' മത്സ്യത്തെ കണ്ടപ്പോൾ അദ്ഭുതം. 'നമുക്കിതിനെ വളർത്താം അമ്മേ'. ആയുസ് നീട്ടിക്കിട്ടിയ മീനിന് അവർ പേരിട്ടു - ആയുസ്!

അടുക്കളയ്ക്കപ്പുറമുള്ള ഹാളിലാണിപ്പോൾ ആയുസിന്റെ താമസം. അതിനിടെ, പിന്നെയും വന്നു, വിധിയുടെ പരീക്ഷണം.

രണ്ടാഴ്ച മുമ്പ് എല്ലാവരും പുറത്തുപോയി വന്നപ്പോൾ ആയുസ് ബക്കറ്റിലില്ല! തൊട്ടടുത്ത മുറിയിൽ നോക്കുമ്പോൾ പിടഞ്ഞു ചാടുകയാണ്. ഉടൻ പിടിച്ച് ബക്കറ്റിലിട്ടു. വാൽഭാഗം അല്പം മുറിഞ്ഞെങ്കിലും ആയുസിന്റെ ആയുസ് നീണ്ടു.

ആയുസ് മായയുടെ കൈയിൽ

ശിവരഞ്ജനും ദേവരഞ്ജനും അച്ഛൻ ഹരിദാസും ആയുസിനൊപ്പം

അദ്ഭുതമീനിനെ കാണാൻ കൂട്ടുകാർ

ബിസ്ക്കറ്റ്‌പൊടിയാണ് ആയുസിന്റെ ഭക്ഷണം. മായയോ ഹരിദാസോ മക്കളോ അടുത്തെത്തി, ആയുസേ എന്ന് വിളിച്ചാൽ കുതിച്ചുയർന്ന് വരും. മായ വെള്ളത്തിനു മേലെ കൈ കാണിച്ചാൽ കൈപ്പത്തിയിലേക്ക് ചാടിക്കയറും. അഞ്ചു മിനിട്ടോളം മായയുടെ കൈയിൽ 'അനങ്ങാതിരിക്കുന്ന' ആയുസ് പൊടുന്നനേ വെള്ളത്തിലേക്ക് ഊളിയിടും.

പള്ളത്തിമീനിന്റെ കഥ കുട്ടികൾ സ്കൂളിൽ പാട്ടാക്കിയതോടെ 'അദ്ഭുത മീനിനെ' കാണാൻ കൂട്ടുകാർ കർത്താനാകുഴിയിലേക്ക് കുതിക്കുകയാണ്. അയൽ വീട്ടുകാർക്കും അദ്ഭുതമാവുകയാണ് ആയുസ്!

കുരങ്ങുപനി: വയനാട്ടിൽ ആദിവാസി മരിച്ചു

കൽപ്പറ്റ: വയനാട്ടിൽ കുരങ്ങുപനി ബാധിച്ച് ആദിവാസി യുവാവ് മരിച്ചു. കാട്ടിക്കുളം ബേഗൂർ കോളനിയിലെ സുന്ദരനാണ് (27) മരിച്ചത്. കഴിഞ്ഞ പത്തിനാണ് സുന്ദരനെ രോഗബാധയെ തുടർന്ന് മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. രോഗം മൂർച്ഛിച്ചതിനെ തുടർന്ന് 13ന് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റിയെങ്കിലും ഇന്നലെ മരിച്ചു. അവിവാഹിതനാണ്. അപ്പപ്പാറ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലെ രണ്ടും ബാവലിയിലെ 46 കാരിയുമുൾപ്പെടെ ആറ് പേർ ചികിത്സയിലാണ്.

സൈനികനെ വധിക്കാൻ ശ്രമം, സാക്ഷിയെ ഭീഷണിപ്പെടുത്തിയ പ്രതി അറസ്റ്റിൽ

നാദാപുരം: തൂണേരി ഗ്രാമ പഞ്ചായത്തിലെ മുടവന്തേരിയിൽ വെച്ച് സൈനികനെ തട്ടിക്കൊണ്ടു പോയി വധിക്കാൻ ശ്രമിച്ച കേസിലെ സാക്ഷിയെ ഭീഷണിപ്പെടുത്തിയ പ്രതി അറസ്റ്റിലായി. ആറാം പ്രതിയും മുടവന്തേരി സ്വദേശിയുമായ പടിഞ്ഞാറയിൽ അബ്ദുൾ യാസീറിനെ (30) യാണ് നാദാപുരം എസ്.ഐ. എസ്.നിഖിൽ അറസ്റ്റു ചെയ്തത്. മൂന്നാം സാക്ഷിയും ഇരിങ്ങണ്ണൂർ സ്വദേശിയുമായ എടക്കണ്ടി ബാബുവിനെയാണ് പ്രതി ഭീഷണിപ്പെടുത്തിയത്. വിചാരണ കോഴിക്കോട് സെഷൻസ് കോടതിയിൽ നടക്കുകയാണ്. ബാബു കോടതിയിൽ പ്രതിക്കെതിരെ സാക്ഷി മൊഴി നൽകിയിരുന്നു.

ആൻസി ബാവയുടെ മൃതദേഹം ഇന്നെത്തിക്കും

കൊടുങ്ങല്ലൂർ: മാർച്ച് 15ന് ന്യൂസിലൻഡിലെ ക്രൈസ്റ്റ് ചർച്ച് അൽനൂർ ജുമാ മസ്ജിദിൽ ജുമാ നമസ്കാരത്തിനിടെ ഉണ്ടായ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട കൊടുങ്ങല്ലൂർ കരിപ്പാക്കുളം ആൻസി ബാവയുടെ മൃതദേഹം ഇന്ന് രാവിലെ ഒമ്പത് മുതൽ മേത്തല പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് രാവിലെ 11ന് ചേരമാൻ ജുമാ മസ്ജിദ് കബർസ്ഥാനിലാണ് കബറടക്കം നടക്കുക.

വി.കെ.നാരായണൻ നിര്യാതനായി

തിരുവനന്തപുരം: പി.ആർ.ഡി മുൻ ഡയറക്ടറും ഗ്രന്ഥകാരനുമായ പേരൂർക്കട വല്യാത്തേൽ ദൂരദർശൻ റോഡിൽ വി.കെ. നാരായണൻ (79) നിര്യാതനായി.

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ രാവിലെ എട്ടരയോടായിരുന്നു അന്ത്യം. ശ്വാസംമുട്ടലിനെ തുടർന്ന് ശനിയാഴ്ച രാത്രിയാണ് നാരായണനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സംസ്കാരം ഇന്നലെ വൈകിട്ട് 4.30ന് തൈക്കാട് ശാന്തികവാടത്തിൽ നടന്നു.

കവി, അദ്ധ്യാപകൻ, ഭാഷാമാദ്ധ്യമ ചിന്തകൻ എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. കേരള സാഹിത്യ അക്കാഡമി, കേരള ലളിതകലാ അക്കാഡമി, കേരള പ്രസ് അക്കാഡമി, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവയുടെ ഭരണസമിതി അംഗമായിരുന്നു. ആത്മായനം, ഏകലവ്യൻ ഞാൻ, രതിവിതാനം, അരുവികളും ആഗ്നേയശൈലങ്ങളും, എന്റെ പൊടിക്കഥകൾ, നല്ല ഭാഷ, ഭാഷയും മാധ്യമവും, നമുക്കൊരു പത്രം തുടങ്ങാം, ഭാഷ എന്ന മാധ്യമം, ഭാഷയുടെ നേർവഴി, മാധ്യമവിവാദം തുടങ്ങിയവയാണ് പ്രധാന കൃതികൾ. ഭാര്യ: കെ.എസ്.തങ്കം. മക്കൾ: പരേതനായ അഖിൽ, അഭിജിത്ത്.

അനുശോചിച്ചു

തിരുവനന്തപുരം: മുൻ പി.ആർ.ഡി ഡയറക്ടർ വി.കെ. നാരായണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും ഐ.പി.ആർ.ഡി. ഡയറക്ടറും അനുശോചിച്ചു.

പി.ആർ.ഡി പ്രസിദ്ധീകരണങ്ങളുൾപ്പെടെ ആനുകാലികങ്ങളുടെയും പത്രങ്ങളുടെയും ശൈലിയും നിലവാരവും മെച്ചപ്പെടുത്തുന്നതിലും ഭാഷാശുദ്ധി ഉറപ്പുവരുത്തുന്നതിലും വലിയ പങ്ക് വഹിച്ച അദ്ദേഹം ഭരണഭാഷ എന്ന നിലയിൽ മലയാളത്തെ കൂടുതൽ സജ്ജമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ആത്മാർത്ഥമായ പരിശ്രമം നടത്തിയ വ്യക്തിയാണെന്ന് അനുശോചന സന്ദേശത്തിൽ പി.ആർ.ഡി. ഡയറക്ടർ സുഭാഷ്. ടി.വി പറഞ്ഞു.

കരമനയിലെ യുവാവിന്റെ കൊലപാതകം: ഒളിവിലായിരുന്ന പ്രതിയും പിടിയിൽ

തിരുവനന്തപുരം : കൊഞ്ചിറവിള സ്വദേശി അനന്തു ഗിരീഷിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ കേസിൽ അവസാന പ്രതിയും പിടിയിൽ. കൃത്യത്തിൽ നേരിട്ട് പങ്കുള്ള നീറമൺകര സ്വദേശി സുമേഷിനെയാണ് (22) ഇന്നലെ അതിരാവിലെ നീറമൺകരയിലെ സ്വകാര്യ ലാബിന് പിന്നിലെ വീട്ടിൽ നിന്ന് പൊലീസ് അറസ്റ്റ് ചെയ്തത്. വീടിന് സമീപം മഫ്തിയിലുണ്ടായിരുന്ന പൊലീസ് നൽകിയ വിവരത്തെ തുടർന്നായിരുന്നു അറസ്റ്റ്. സംഭവം നടന്ന് പന്ത്രണ്ടാം ദിവസമാണ് ഇയാൾ പിടിയിലായത്.

ഒളിവിലായിരുന്ന സുമേഷ് കൈയിലുണ്ടായിരുന്ന കാശ് തീർന്നതിനെ തുടർന്ന് ഇന്നലെ പുലർച്ചെയാണ് വീട്ടിലെത്തിയത്. വീട്ടുകാരിൽ നിന്ന് പണവും വാങ്ങി വസ്തുങ്ങളുമെടുത്ത് മടങ്ങാൻ തുടങ്ങുമ്പോഴായിരുന്നു അറസ്റ്റ്. പത്താം പ്രതിയാണ് സുമേഷ്. ഇതോടെ കേസിലെ 14 പേരും പിടിയിലായി. ചോദ്യംചെയ്യലിൽ നേരത്തെ പിടിയിലായവരുടെ മൊഴിക്ക് സമാനമായ കാര്യങ്ങളാണ് സുമേഷ് പറഞ്ഞതെന്ന് പൊലീസ് അറിയിച്ചു.

ഒളിവിലായിരുന്ന സുമേഷ് ആദ്യം എറണാകുളത്തെ പാഴ്സൽ കമ്പനിയിൽ ജോലിയുള്ള ആലപ്പുഴക്കാരൻ സുഹൃത്തിനൊപ്പമായിരുന്നു. അവിടെ നിന്ന് മുംബയ്, ഗോവ എന്നിവിടങ്ങളിലേക്കു കടന്നു. ഒരു സ്ഥലത്തും രണ്ട് ദിവസത്തിൽ കൂടുതൽ താമസിച്ചില്ല. ട്രെയിനുകളിൽ മാറി മാറി സഞ്ചരിച്ചു. മൊബൈൽ സ്വിച്ച് ഓഫ് ചെയ്തു. ഒരു തവണ ഫോൺ ഓണാക്കിയപ്പോൾ നമ്പർ ട്രാക്ക് ചെയ്ത അന്വേഷക സംഘം ഇയാൾ മുംബയിലാണെന്ന് മനസിലാക്കി. തുടർന്ന് അന്വേഷണ സംഘത്തിലെ ചിലർ മുംബയിലേക്ക് തിരിച്ചെങ്കിലും വിവരം ലഭിച്ചില്ല. സുമേഷിന്റെയും ഇയാൾ ബന്ധപ്പെടാനിടയുള്ള വ്യക്തികളുടെയും വീട്ടും പൊലീസ് നിരീക്ഷണത്തിലായിരുന്നു.

സുമേഷ്

അഞ്ച് പേരെ ഇന്ന് കസ്റ്റഡിയിൽ വാങ്ങും

റിമാൻഡിലുള്ള 13 പ്രതികളിൽ അഞ്ച് പേരെ ഇന്ന് കസ്റ്റഡിയിൽ വാങ്ങും.

തുടർന്ന് ഇവരെ കൃത്യം നടത്തിയ സ്ഥലത്തുൾപ്പെടെ എത്തിച്ച് വിശദമായ തെളിവെടുപ്പ് നടത്തും. കൊലയ്ക്കുപയോഗിച്ച ആയുധങ്ങളുൾപ്പെടെ കണ്ടെത്തണം. കൊഞ്ചിറവിള ക്ഷേത്ര ഉത്സവത്തിനിടെ പ്രതികളും അനന്തുവിന്റെ സംഘവും തമ്മിലുണ്ടായ ഏറ്റുമുട്ടലാണ് കൊലയിലേക്ക് നയിച്ചത്.

രാഹുൽ വയനാട്ടിൽ മത്സരിക്കുമോ? *ഡി.സി.സി ഹാളിൽ നടന്ന കോട്ടയം ലോക്‌സഭാ മണ്ഡലം യു.ഡി.എഫ് യുവജന കൺവെൻഷൻ ഉദ്ഘാടനം ചെയ്ത ഉമ്മൻ ചാണ്ടിയുമായി സംസാരിക്കുന്ന ജോസ്.കെ. മാണി.എം.പിയും മോൻസ് ജോസഫ് എം.എൽ.എയും.*

ഫോട്ടോ: ശ്രീകുമാർ ആലപ്ര

കുവൈറ്റിൽ കൊടിയ ദുരിതമനുഭവിച്ച യുവതികൾ നാട്ടിൽ തിരിച്ചെത്തി

കൊച്ചി : ഗാർഹികത്തൊഴിലാളി വിസയിൽ കുവൈറ്റിലെത്തി കൊടിയ ദുരിതമനുഭവിക്കേണ്ടി വന്ന വർക്കല സ്വദേശി സരിതയും ചിറയിൻകീഴ് സ്വദേശി റെജിമോളും നാട്ടിൽ തിരിച്ചെത്തി. മസ്കറ്റ് വഴിയുള്ള വിമാനത്തിൽ ഇന്നലെ ഉച്ചയോടെ ഇരുവരും തിരുവനന്തപുരത്തെത്തി. ഇവരുടെ ദുരിത കഥ കഴിഞ്ഞ ദിവസങ്ങളിൽ സാമൂഹിക മാദ്ധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. കഴിഞ്ഞ 18 ന് പിറവം സെന്റ്. ജോസഫ് ഹൈസ്കൂൾ അദ്ധ്യാപകനും സാമൂഹിക പ്രവർത്തകനുമായ പി.പി. ബാബു ഡൽഹിയിലെ സാമൂഹ്യ പ്രവർത്തകയായ ദീപാ മനോജ് വഴി നടത്തിയ ഇടപെടലാണ് ഇരുവരുടെയും മോചനത്തിന് ഇടയാക്കിയത്. ദീപ, വേൾഡ് മലയാളി ഫെഡറേഷൻ ഗ്ലോബൽ ചെയർമാൻ പ്രിൻസ് പള്ളിക്കുന്നേലിനെ ഫോണിൽ ബന്ധപ്പെട്ട് വിവരം ധരിപ്പിച്ച് വീഡിയോ അയച്ചുകൊടുത്തു. പ്രിൻസ് അറിയിച്ചതനുസരിച്ച് അന്നുരാത്രി തന്നെ കുവൈറ്റിലെ വിവിധ സംഘടനകൾ സരിതയും റെജിമോളും വീഡിയോയിൽ പറഞ്ഞ വീട് കണ്ടുപിടിക്കുകയും ഇരുവരെയും നേരിൽക്കണ്ട് സംസാരിക്കുകയും ചെയ്തു. സാമൂഹ്യ പ്രവർത്തകരായ ബഷീർ ഉദിനൂർ , മുബാറക് കാമ്പ്രത്ത്, നസീർ പാലക്കാട്ട് എന്നിവർ ഇവരെ കൊണ്ടുവന്ന ഏജന്റ് കുമാറിനെ വിളിച്ച് വരുത്തി സ്പോൺസറുമായി സംസാരിച്ചതിനെ തുടർന്നാണ് ഇരുവരെയും നാട്ടിലേക്ക് വിടാൻ ധാരണയായത്.

സൂര്യാഘാതം

പാറശാലയിൽ ഗൃഹനാഥൻ മരിച്ചത് കൃഷിപ്പണിക്കിടെ

■തൊലി പൊളിഞ്ഞ് ഇളകിയ നിലയിൽ

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നലെ മൂന്ന് പേരാണ് സൂര്യാഘാതത്തെ തുടർന്ന് മരിച്ചത്.

സ്വന്തം കൃഷിയിടത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കവെയാണ് പാറശാലയ്ക്ക് സമീപം നെയ്യാറ്റിൻകര അഡീഷണൽ ജില്ലാ സെഷൻസ് കോടതിയിലെ ബെഞ്ച് ക്ലാർക്ക് അയിരത്തറക്കാല പെരിങ്ങാ ആവണിയിൽ കരുണാകരൻ (44) മരിച്ചത്.

കണ്ണൂരിൽ മാതമംഗലം വെള്ളോറയിൽ വിജനമായ സ്ഥലത്താണ് ചെക്കിക്കുണ്ട് സ്വദേശി കെ.നാരായണനെ (71) മരിച്ച നിലയിൽ കണ്ടെത്തിയത്. പത്തനംതിട്ട കോഴഞ്ചേരിയിൽ ഹോട്ടൽതൊഴിലാളിയായ നാരങ്ങാനം ലക്ഷംവീട് കോളനിയിൽ ഷാജഹാനെ (60) ഇന്നലെ വൈകിട്ട് മൂന്ന് ഓടെയാണ് മാരാമൺ ബിഷപ്പ് ഹൗസിന് മുമ്പിലെ റോഡിൽ അവശനിലയിൽ കണ്ടെത്തിയത്.

ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഇന്നലെ ഉച്ചയ്ക്ക് 12 ഓടെയാണ് പാറശാല വാവ്വക്കരയിലെ വയലിൽ അബോധാവസ്ഥയിൽ കണ്ടെത്തിയ കരുണാകരനെ ഉടൻ നാട്ടുകാർ പാറശാല താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ശരീരത്തിൽ പലഭാഗത്തും വെയിലേറ്റ് പൊള്ളിയ പാടുണ്ട്. ചുമലിലും പുറത്തും തൊലി പൊളിഞ്ഞ് ഇളകിയ നിലയിലാണ്. സൂര്യാഘാതമാണ് മരണകാരണമെന്നാണ് പ്രാഥമിക നിഗമനമെങ്കിലും പോസ്റ്റ്മോർട്ടം റിപ്പോർട്ടിന് ശേഷമേ ഇക്കാര്യം വ്യക്തമാകൂയെന്ന് പൊലീസ് പറഞ്ഞു.

എല്ലാ ദിവസവും കൃഷിപ്പണിക്കായി കരുണാകരൻ വീടിനടുത്തുള്ള ഏലായിൽ പോകാറുണ്ട്. കരുണാകരന്റെ ഭാര്യ സുമി പട്ടം പി.എസ്.സി ഓഫീസിലെ ജീവനക്കാരിയാണ്. കൊറ്റാമം ഫാത്തിമാ പബ്ലിക് സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയായ അക്ഷയ്, ആറാം ക്ലാസ് വിദ്യാർത്ഥിയായ അഭിഷേക് എന്നിവർ മക്കളാണ്. പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്ത മൃതദേഹം വൈകിട്ടോടെ വീട്ടുവളപ്പിൽ സംസ്കരിച്ചു. ശനിയാഴ്ച രാവിലെ വെള്ളോറ ടൗണിലേക്ക് പോയ നാരായണൻ രാത്രിയായിട്ടും തിരിച്ചെത്തിയിരുന്നില്ല. തുടർന്ന് ഞായറാഴ്ച രാവിലെ തെരച്ചിലിലാണ് വിജനമായ സ്ഥലത്ത് മൃതദേഹം കണ്ടെത്തിയത്.

കൈകാലുകളിലും മറ്റും പൊള്ളലേറ്റ അടയാളങ്ങൾ കണ്ടതിനാൽ സൂര്യാഘാതമാണ് മരണകാരണമെന്നാണ് നിഗമനം. എന്നാൽ ശ്വാസതടസമാണ് മരണകാരണമെന്ന് പരിയാരം മെഡിക്കൽ കോളേജിൽ നടത്തിയ പോസ്റ്റ്മോർട്ടത്തിൽ പറയുന്നത്. സൂര്യാഘാതത്തെ തുടർന്ന് ശ്വാസതടസമുണ്ടായതാകാമെന്നും ഡോക്ടർമാർ പറയുന്നു. ജാനകിയാണ് നാരായണന്റെ ഭാര്യ: മക്കൾ : മധുസൂദനൻ, ഷാജി. മരുമക്കൾ : ശോഭന, സവിത.

കൃഷിത്തൊഴിലാളികൾ ആശങ്കയിൽ

തിരുവനന്തപുരം: സംസ്ഥാനത്ത് സൂര്യാഘാതവും ഉഷ്ണതരംഗവും വരെയുണ്ടാകുമെന്ന മുന്നറിയിപ്പുകളൊന്നും ഭൂവുടമകൾ കാര്യമായെടുക്കാത്തതിൽ കർഷക തൊഴിലാളികൾക്ക് ആശങ്ക.

ജോലിസമയം പരിഷ്ക്കരിക്കണമെന്ന ലേബർ കമ്മിഷണറുടെ നിർദ്ദേശവും ആരും അറിഞ്ഞ മട്ടില്ല.

പച്ചക്കറിയുടെ വിളവെടുപ്പും ഓണം ലക്ഷ്യമാക്കിയുള്ള പുതിയ കൃഷിയിറക്കലും വാഴത്തൈനടീലുമെല്ലാം മുറയ്ക്ക് നടക്കുന്നുണ്ട്. രാവിലെ ആറു മുതൽ പത്തുവരെയാക്കി ജോലിസമയം മാറ്റണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആരും വകവയ്ക്കുന്നില്ല.

നാട്ടുകാരായ പണിക്കാരെ കിട്ടിയില്ലെങ്കിൽ പുറം പണിക്കാരായ ബംഗാളികളെയും ആസാമികളെയും പണിക്ക് കയറ്റും. അവർക്കാണെങ്കിൽ സൂര്യാഘാതവും ചൂടുമൊന്നും പ്രശ്നവുമല്ല.

സാധാരണ വേനൽക്കാലത്ത് കർഷകർ രാവിലെ 7 നു മുമ്പ് പാടത്തെത്തുകയും പത്തിനു മുമ്പ് ജോലി തീർക്കുകയുമാണ് ചെയ്യുന്നത്. പിന്നെ വൈകിട്ട് നാലിനു മാത്രം ജോലി ചെയ്യും.

മോദിയും പിണറായിയും കൂട്ടുകാർ: വി.എം. സുധീരൻ

ആലപ്പുഴ: മുഖ്യമന്ത്രി, പ്രധാനമന്ത്രി എന്നീ നിലകളിലല്ലാതെ രാഷ്ട്രീയത്തിനപ്പുറമുള്ള കൂട്ടുകെട്ടാണ് നരേന്ദ്രമോദിയും പിണറായി വിജയനും തമ്മിലുള്ളതെന്ന് വി.എം. സുധീരൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

റാഫേൽ അഴിമതിയിൽ ഇതുവരെ ഒരു പ്രതികരണവും പിണറായി നടത്തിയിട്ടില്ല. ലാവ്‌ലിൻ വിഷയത്തിൽ സുപ്രീംകോടതിയിൽ അപ്പീൽ നിലനിൽക്കുന്നതിനാൽ ഗൂഢമായ ബന്ധമാണ് ഇവർക്കുള്ളത്.

നരേന്ദ്രമോദിയുടെ പാതയിലാണ് പിണറായിയും ഭരണം നടത്തുന്നത്. ഇരുവരും കുത്തകകളെ സഹായിക്കുന്നു.

ഹരിസൺ ഭൂമി ഇടപാട്, തോമസ് ചാണ്ടി, പി.വി. അൻവർ, ജോയ്സ് ജോർജ് എന്നീ വിഷയങ്ങളിൽ സർക്കാർ സഹായിക്കുകയാണ് ചെയ്തത്. കോൺഗ്രസിനെ അധികാരത്തിലെത്തിക്കാതിരിക്കാനാണ് സി.പി.എം ശ്രമിക്കുന്നതെന്നും സുധീരൻ പറഞ്ഞു.

പുൽപ്പള്ളിയിൽ കടുവയുടെ ആക്രമണം; അഞ്ച് വാച്ചർമാർക്ക് പരിക്ക്

പുൽപ്പള്ളി : ചീയമ്പം 73 ആനപ്പന്തി വനാതിർത്തിയിലിറങ്ങിയ കടുവയുടെ ആക്രമണത്തിൽ അഞ്ച് ആദിവാസി വാച്ചർമാർക്ക് പരിക്കേറ്റു. ചെതലയം റേഞ്ചിലെ ഇരുളം ഫോറസ്റ്റ് സെക്ഷനിലെ ആദിവാസി വാച്ചർമാരായ ഷാജൻ (35), ബാലൻ (30), ജയൻ (32), ഷൈജേഷ് (33), സുരേഷ് (33) എന്നിവർക്കാണ് പരിക്കേറ്റത്. ഇന്നലെ രാവിലെ 11 നായിരുന്നു സംഭവം. കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന കടുവ ആദ്യം ഷാജനെയാണ് ആക്രമിച്ചത്. തുടർന്ന് ഷാജന്റെ നിലവിളി കേട്ട് രക്ഷിക്കാനെത്തിയപ്പോഴാണ് മറ്റുള്ളവർക്ക് നേരെ ആക്രമണമുണ്ടായത്. ഗുരുതരമായി പരിക്കേറ്റ ഷാജനെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും മറ്റുള്ളവരെ പുൽപ്പള്ളിയിലെയും ബത്തേരിയിലെയും വിവിധ ആശുപത്രികളിലും പ്രവേശിപ്പിച്ചു. കഴിഞ്ഞ ദിവസം ആനപ്പന്തി സ്വദേശി വിജയന്റെ മൂന്ന് വളർത്തു പന്നികളെയും ഒരാഴ്ച മുമ്പ് അപ്പിബോളൻ എന്നയാളുടെ പശുവിനെയും കടുവ കൊന്നിരുന്നു. ശാരീരിക വൈകല്യമുള്ള കടുവ ജനവാസകേന്ദ്രത്തിന് സമീപം തമ്പടിച്ചിരിക്കുകയാണെന്ന് പരിസരവാസികൾ പറഞ്ഞു. വനംവകുപ്പ് നടപടികൾ സ്വീകരിക്കുന്നില്ലെന്നാരോപിച്ച് വലിയകുരിശിൽ റോഡ് ഉപരോധിച്ചു. സംഭവമറിഞ്ഞ് ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പൊലീസ് അധികൃതർ എന്നിവർ സ്ഥലത്തെത്തി. തുടർന്ന് ഡി.എഫ്.ഒ പി. രഞ്ജിത്ത് കുമാറുമായി നടത്തിയ ചർച്ചയിൽ വളർത്തു മൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് രണ്ട് ദിവസത്തിനകം ഉചിതമായ നഷ്ടപരിഹാരം നൽകാമെന്ന് അറിയിച്ചു. 26ന് ചീയമ്പം 73 കവലയിൽ പ്രദേശവാസികളുടെ യോഗം കൂടി ജനജാഗ്രതാ സമിതി രൂപീകരിക്കണമെന്നതടക്കമുള്ള ആവശ്യങ്ങൾ നടപ്പാക്കുമെന്ന് ഡി.എഫ്.ഒ ഉറപ്പ് നൽകിയതിനെ തുടർന്നാണ് ഉപരോധം അവസാനിപ്പിച്ചത്.

ചീയമ്പം വലിയകുരിശ്ശിൽ നാട്ടുകാർ റോഡ് ഉപരോധം നടത്തുന്നു

എൻജിൻ തകരാർ: കരിപ്പൂരിൽ അടിയന്തര ലാൻഡിംഗ്

കൊണ്ടോട്ടി: ബംഗളൂരുവിൽ നിന്നു കരിപ്പൂരിലെത്തിയ ഇൻഡിഗോ വിമാനത്തിന്റെ എൻജിൻ തകരാറിലായതിനെത്തുടർന്നു അടിയന്തര ലാൻഡിംഗ് നടത്തി. ഇന്നലെ രാവിലെ 10.40ന് 67 യാത്രക്കാരുമായി കരിപ്പൂരിൽ പറന്നിറങ്ങവേയാണ് ഇൻഡിഗോയുടെ 6-ഇ.7129 വിമാനത്തിന്റെ വലതു ചിറകിന്റെ എൻജിനുള്ളിലെ ഫാൻ തകരാറിലായത്. ഫാനിനുള്ളിൽ നിന്നുള്ള തീയും പുകയും അസാധാരണ ശബ്ദവും വിമാന പൈലറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉടൻ കരിപ്പൂർ എയർട്രാഫിക് കൺട്രോൾ (എ.ടി.സി) വിഭാഗത്തെ വിവരം അറിയിച്ചു. എ.ടി.സി വിഭാഗം സന്ദേശം വിമാനത്താവളത്തിലെ മുഴുവൻ ഏജൻസികൾക്കും കൈമാറി. തുടർന്ന് വിമാനത്തിനു അടിയന്തര ലാൻഡിംഗിനു സൗകര്യമൊരുക്കി. അല്പസമയത്തിനുശേഷം കിഴക്കേ റൺവേയിൽ പറന്നിറങ്ങിയ വിമാനം പാർക്കിംഗ് ഏപ്രണിലേക്ക് കയറാതെ മുന്നോട്ടു നീങ്ങി പടിഞ്ഞാറു ഭാഗത്തു നിറുത്തി.

Vol. No. 109 Issue No. 83 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .